# ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & വയനാട് ജില്ലാ കളക്ടറുടെ നടപടിക്രമം

**(ഹാജർ: ഡോ.അദീല അബ്ദുള്ള, ഐ.എ.എസ്)**

വിഷയം :- കോവിഡ് 19- വയനാട് ജില്ലായിൽ ആദിവാസി കോളനികളിൽ ഭക്ഷ്യക്ഷാമം നേരിടുന്നതിനുള്ള നിർദ്ദേശങ്ങൾ-ഉത്തരവ് പുറപ്പെടുവിക്കുന്നു

*******

**ഉത്തരവ് നം. DCWYD/2909/2020/DM1 തീയതി 27/03/2020**

കോവിഡ് 19 മായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനങ്ങളും അനുബന്ധ നടപടികളും പുരോഗമിക്കുകയാണ്. ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ ഭക്ഷ്യക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യു തുടങ്ങുന്ന കാലയളവുവരെ ഈ വിഷയത്തിൽ അടിയന്തിര ക്രമീകരണം നടത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച് താഴെപ്പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

- ഭക്ഷ്യക്ഷാമം നേരിടുന്ന പട്ടിക വർഗ്ഗ കുടുംബങ്ങളെ അതത് തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.
- ഇപ്രകാരം കണ്ടെത്തിയ കുടുംബങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടുപയോഗിച്ച് ഭക്ഷ്യവസ്തുക്കൾ ശേഖരിച്ച് ലഭ്യമാക്കേണ്ടതാണ്.
- ഭക്ഷ്യവസ്തുക്കളുടെ വിതരണത്തിൽ കുടുംബശ്രീ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ സഹായം തേടാവുന്നതാണ്.

27/03/2020

ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ
& ജില്ലാ കളക്ടർ, വയനാട്

പകർപ്പ്-

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
2. എല്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും
3. പ്രൊജക്ട് ഡയറക്ടർ, ഐ.റ്റി.ഡി.പി, വയനാട്
4. ടി.ഡി.ഒ, മാനന്തവാടി/സുൽത്താൻബത്തേരി
5. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, വയനാട് കുടുംബശ്രീ.
6. മുൻസിപ്പൽ സെക്രട്ടറി /ചെയർമാൻ - മാനന്തവാടി, കൽപ്പറ്റ, സു.ബത്തേരി.